പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1735 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ആളുകൾക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകി വരുന്നുണ്ട്; പെൻഷൻ വീടുകളിലെത്തിക്കുന്ന പദ്ധതി പ്രകാരം എന്നുവരെയുള്ള പെൻഷൻ വിതരണം ചെയ്തു; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് നിലിവിൽ 42,62,863 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി വരുന്നുണ്ട്. പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം 2017 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തു.<br>2017 നവംബർ മാസം പെൻഷൻ വിതരണം ചെയ്ത ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | ആകെ എണ്ണം | ആകെ തുക |
|---|---|---|
| തിരുവനന്തപുരം | 429921 | 1429881800 |
| കൊല്ലം | 354545 | 1115285400 |
| പത്തനംതിട്ട | 154933 | 523479600 |
| ആലപ്പുഴ | 293959 | 932274600 |
| കോട്ടയം | 228198 | 766040100 |
| ഇടുക്കി | 130066 | 439799400 |
| എറണാകുളം | 368874 | 1224049800 |
| തൃശ്ശൂർ | 409781 | 1373577600 |
| പാലക്കാട് | 374874 | 1258036500 |
| മലപ്പുറം | 429761 | 1445831700 |
| കോഴിക്കോട് | 355487 | 1164112800 |
| വയനാട് | 96477 | 315374400 |
| കണ്ണൂർ | 334832 | 1111071600 |
| കാസർഗോഡ് | 152314 | 509357100 |
| ആകെ | 4114022 | 13608172400 |

| | | | |
|---|---|---|---|
| (ബി) | അർഹതയില്ലാത്ത അനവധി ആളുകൾ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഓരോ ജില്ലയിലും കടന്നുകൂടിയ അനർഹരുടെ | (ബി) | ഉണ്ട്. അനർഹരായവർ മുൻപ് കൈപ്പറ്റിയിരുന്ന പെൻഷൻ തുക തിരികെ ഒടുക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹർ എന്ന് കണ്ടെത്തിയ ഗുണഭോക്താക്കളുടെയും വിതരണം ചെയ്ത തുകയും |

| | | | |
|---|---|---|---|
| | എണ്ണം എത്രയാണെന്നും ആ ഇനത്തിൽ എത്ര രൂപ ഖജനാവിന് നഷ്ടം വന്നുവെന്നും വ്യക്തമാക്കുമോ; | | അന്തിമമായി കണക്കാക്കിയതിന് ശേഷം മാത്രമേ ഈ ഇനത്തിൽ ഖജനാവിന് വന്ന നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് 2017 ജനുവരി മുതൽ അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ; | (സി) | അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനും നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനും സംസ്ഥാന വ്യാപകമായി പെൻഷൻ പരാതി പരിഹാര അദാലത്തുകൾ നടത്തിയിട്ടുള്ളത് മൂലം സോഫ്റ്റ് വെയർ പരിഷ്കരണം നടത്തേണ്ട ആവശ്യകത വന്നതിനാൽ പുതിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. |
| (ഡി) | പഞ്ചായത്തിൽ പെൻഷന് അപേക്ഷ നൽകിയാൽ ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന നിബന്ധനയുണ്ടോ ; എങ്കിൽ ജനുവരി മാസം മുതൽ നൽകിയ അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ ; | (ഡി) | പെൻഷൻ അപേക്ഷകളിന്മേൽ 45 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതുണ്ട്. ജനുവരി മാസം മുതൽ നൽകിയ അപേക്ഷകളിൽ പ്രാദേശിക സർക്കാരുകൾക്ക് നടപടി സ്വീകരിക്കുന്നതിന് തടസ്സമില്ല. പ്രാദേശിക സർക്കാരുകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് മാത്രമേ വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുവാൻ കഴിയുകയുള്ളൂ. |
| (ഇ) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്ന വകയിൽ ഓരോ മാസവും സർക്കാരിന് വരുന്ന ചെലവ് എത്ര രൂപയാണ്;വ്യക്തമാക്കുമോ? | (ഇ) | 4,53,60,56,600 രൂപ |

സെക്ഷൻ ഓഫീസർ